## പതിമൂന്നാം കേരള നിയമസഭ
### പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നമ്പർ : * 11 — 01.12.2014-ൽ മറുപടിക്ക്.

### പോലീസ് കംപ്ലയിന്റ് അതോറിറ്റി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന്<br>ശ്രീ. എം. ഉമ്മർ<br>ശ്രീ. റ്റി.എ. അഹമ്മദ് കബീർ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;<br><br>(ബി) എങ്കിൽ അതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ; | : (എ & ബി) കേരള പോലീസ് ആക്ടിന്റെ സെക്ഷൻ 110 പ്രകാരമാണ് പോലീസ് കംപ്ലയിന്റ് അതോറിറ്റികൾ രൂപീകരിച്ചിട്ടുള്ളത്. ഇപ്രകാരം നിലവിൽവന്ന ഈ അതോറിറ്റികളുടെ പ്രവർത്തനം വിലയിരുത്തുന്നതിനുള്ള സംവിധാനങ്ങൾ നിലവിലില്ല. |
| (സി) അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്നും, പോലീസിന്റെ പ്രവർത്തനത്തിന് ഉദ്ദേശിച്ച ഗുണപരമായ സംഭാവന നൽകാൻ പര്യാപ്തമല്ലെന്നുമുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | : (സി ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ജില്ലാ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റികളിൽ നിരവധി പരാതികൾ തീർപ്പാക്കാതെ കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) ഇക്കാര്യത്തിൽ നിയമവ്യവസ്ഥയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ? | ഡി) ജില്ലാ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയിലെ അംഗങ്ങളായ ജില്ലാ കളക്ടറുടെയും ജില്ലാ പോലീസ് മേധാവിയുടെയും ഔദ്യോഗിക ജോലിഭാരം കണക്കിലെടുത്ത് ജില്ലാ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി, രണ്ട് അംഗങ്ങളെക്കൂടി അധികമായി നിയമിക്കുന്നതിനായി കേരള പോലീസ് ആക്ട് 2011 ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ